# പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4211 — 17/05/2017-ൽ മറുപടിക്ക്

## ഐ.ടി. വ്യവസായ പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.എ. പ്രദീപ്കുമാർ
,, എം. സ്വരാജ്
,, ബി.സത്യൻ
,, കെ. ബാബു

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | ഐ.ടി. വ്യവസായ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | എ) | ഐ.ടി. വ്യവസായ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വിവര സാങ്കേതിക വിദ്യയുള്ള നിർണ്ണായകമായ പങ്ക് മനസ്സിലാക്കി അവ പൂർണ്ണമായി പ്രയോജനപ്പെടുത്തി കൊണ്ട് കേരളത്തെ ഏറ്റവും നല്ല ഐ.ടി നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുക, മികച്ച ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ സുഗമവും, സുതാര്യവുമാക്കി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടു കൂടി രൂപീകരിക്കുന്ന പുതിയ ഐ.ടി നയം. വിവര സാങ്കേതിക വിദ്യാ, ഇലക്ട്രോണിക്സ് / ടെലികോം / മൊബൈൽ തുടങ്ങിയ മേഖലകളും മറ്റു അനുബന്ധ വ്യവസായങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസനങ്ങളാണ് ഐ.റ്റി വികസനത്തിന്റെ അഭിവൃദ്ധിയ്ക്കായി പ്രസ്തുത നയത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മേഖലകളും ഐ.റ്റി നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>• ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവണേൻസ്) |

| | | | |
|---|---|---|---|
| | | | • മാനവശേഷി മൂലധന വികസനം<br>• പശ്ചാത്തല / അടിസ്ഥാന വികസന സൗകര്യങ്ങൾ<br>• ഐ.ടി പാർക്കുകൾ<br>• ഏകജാലക സർക്കാർ പോർട്ടൽ<br>• സ്വതന്ത്ര ഓപ്പൺ സോഫ്റ്റ് വെയറുകളുടെ ഉപയോഗവും, ഉത്പാദനവും.<br>• ഇലക്ട്രോണിക്സ് സേവനങ്ങൾ, വിഭവ സമാഹാരങ്ങൾ.<br>• ജനസേവന കേന്ദ്രങ്ങൾ, ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഇ-കൊമേഴ്സ്, മൊബൈൽ കൊമേഴ്സ്, ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ട്അപ്പ് സംവിധാനങ്ങൾ ഓൺ ലൈൻ വിപണന കേന്ദ്രങ്ങൾ, സൈബർ മേഖല, ഫാബ് ലാബുകൾ, സ്മാർട്ട് ഗ്രാമങ്ങൾ, വ്യവസായ വികസനവും, തൊഴിലവസരങ്ങളും വിവരവിനിമയ ശൃംഖലകളും, ഡേറ്റ സെന്ററുകളും തുടങ്ങി നിരവധി മേഖലകൾ സംസ്ഥാനതല വികസനത്തിനായി ഐ.ടി പോളിസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരള ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ) കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ സേവന സംവിധാനങ്ങളിൽ ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങിയ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്തു നിന്നുള്ള ഐ.ടി. ഉൽപ്പന്നങ്ങളും ഐ.ടി. സേവനങ്ങളും പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | സർക്കാർ സേവന സംവിധാനങ്ങൾ ഇ-ഗവണേൻസ്, എം-ഗവണേൻസ് തുടങ്ങിയ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്തു നിന്നുള്ള ഐ.ടി. ഉൽപന്നങ്ങളും ഐ.ടി. സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ഐ.ടി നയത്തിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്. അവയിൽ പ്രധാനമായവ ഏകജാലക സർക്കാർ പോർട്ടൽ ,ഫ്രീ ആൻഡ് ഓപ്പൺ സോഫ്റ്റ്, ,സാങ്കേതിക വിദ്യ അടിസ്ഥാന സൗകര്യങ്ങൾ ,ഏകജാലക സ്റ്റേറ്റ് പോർട്ടൽ തുടങ്ങിയവ ഉൾപ്പെട്ടുത്തിക്കൊണ്ടുള്ള ഇ-ഗവണേൻസ് സംവിധാനം, നിലവിലുള്ള ഇ-ഗവണേൻസ് സംവിധാനങ്ങളോടൊപ്പം കൂടുതൽ പുതിയ സേവനങ്ങളും ലഭ്യമാക്കുക, അക്ഷയ കേന്ദ്രങ്ങൾ, അക്ഷയബാങ്കിംഗ് സംയുക്ത സംരംഭങ്ങൾ കിയോസ്കുകൾ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, സിറ്റിസൺ കോൾ സെന്ററുകൾ തുടങ്ങിയ സംവിധാനങ്ങളും സജ്ജീകരിക്കാൻ പുതിയ ഐ.ടി നയത്തിലൂടെ ഉദ്ദേശിക്കുന്നുണ്ട്. |
| സി) | ഐ.ടി. വ്യവസായ പ്രോത്സാഹനത്തിനായുള്ള വൻകിട പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ പുരോഗതി എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | സി) | തിരുവനന്തപുരം ടെക്നോപാർക്കുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ മൂന്നാം ഘട്ട പദ്ധതിയിലും ടെക്നോസിറ്റിയിലുമാണ് വൻകിട പദ്ധതികൾ ഉടൻ പ്രതീക്ഷിക്കുന്നത്. മൂന്നാം ഘട്ടം - SEZ മേഖലയിൽ ഒരു ലക്ഷം |

| | | | |
|---|---|---|---|
| | | | ച.അടി വിസ്തീർണ്ണത്തിൽ നിർമാണം പൂർത്തിയാക്കിയ ഗംഗ – യമുന ഐ.ടി കെട്ടിട സമുച്ചയത്തിൽ ഏകദേശം മുഴുവൻ സ്ഥലങ്ങളും കമ്പനികൾക്ക് നല്കിക്കഴിഞ്ഞു. 10 ഏക്കർ SEZ ഭൂമിയിൽ IT/ITES സംരംഭങ്ങളും 9.73 ഏക്കർ Non SEZ ഭൂമിയിൽ കോമേഷ്യൽ വ്യവസായ സംരംഭങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ബോസ്റ്റൺ ആസ്ഥാനമായ ടോറസ് ഗ്രൂപ്പിന്റെ ഡൗൺടൗൺ ടെക്നോപാർക്ക് പദ്ധതി, ടെക്നോപാർക്കിന്റെ വൻകിട പദ്ധതികളിൽ ഉൾപ്പെടുന്നു. ഇതിനായി ടെക്നോപാർക്കും ടോറസും തമ്മിൽ ഒരു MOU ഒപ്പ് വെച്ചിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ സ്ഥലം നല്കാനും ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതി-നുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട് . ഏതാനും മാസങ്ങൾക്കുള്ളിൽ ഈ പദ്ധതി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റൊരു വൻ പദ്ധതിയായി 423 ഏക്കറിലുള്ള ടെക്നോസിറ്റി പദ്ധതിയിലെ IT/ITES വ്യവസായ സംരംഭങ്ങൾക്കൊപ്പം സാങ്കേതിക വിദ്യയുടെ കേന്ദ്രമായി |

| | | | |
|---|---|---|---|
| | | | നോളജ്സിറ്റി സ്ഥാപിക്കാനും പദ്ധതിയുണ്ട്. അക്കാദമിക് മേഖലയിലെ വൻകിട സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടൊപ്പം നിക്ഷേപങ്ങൾക്കും മറ്റു സാങ്കേതിക സംരംഭങ്ങൾക്കായി നിരവധി കമ്പനികളുടെ പങ്കാളിത്തത്തോടെയാകും നോളജ്സിറ്റി നടപ്പാക്കുക. ടെക്നോപാർക്കിന്റെ ആദ്യത്തെ കെട്ടിടത്തിന്റെ പണി ടെക്നോസിറ്റിയിൽ ഉടൻ ആരംഭിക്കും. രണ്ടു വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കി ഐ.ടി സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. റോഡ്, വൈദ്യുതി, ജലവിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരള ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ) കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു വരികയാണ്. നിർമ്മിച്ച സ്റ്റാർട്ടപ്പ് മോഡ്യൂളുകൾ, ഉയർന്ന നിലവാരമുള്ള |

| | | | |
|---|---|---|---|
| | | | ഫാബ്രിക്കേഷൻ ലാബുകൾ ആർ & ഡി ലാബുകൾ, വാണിജ്യ ഓഫീസുകൾ, ഡോർമെട്ടിക്കുകൾ മുതലായവ ഉൾപ്പെടുന്നതായിരിക്കും കേരള ടെക്നോളജി ഇന്നവേഷൻ സോൺ. ബയോടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ (KSUM - RGCB) ഇന്നവേഷൻ ബിസിനസ്സ് ഇൻകുബേറ്റർ) (സൊസൈറ്റി) ഇലക്ട്രോണിക്സ് ഇൻകുബേറ്റർ (IIITM-K, Diety, Government of India എന്നിവയുടെ സംയുക്ത സംരംഭം) എന്നിവയാണ് നിലവിലെ പ്രസ്തുത സോണിലുള്ളത്. |

**സെക്ഷൻ ഓഫീസർ**